രക്തസാക്ഷി നിഘണ്ടുവിൽനിന്നും പേരുകൾ നീക്കംചെയ്യൽ

142 (142) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബ്രിട്ടീഷ് വിരുദ്ധ പോരാട്ടത്തിന്റെ ഭാഗമായി 1921-ൽ മലബാറിൽ മാപ്പിളമാരുടെ നേതൃത്വത്തിൽ നടന്ന പോരാട്ടത്തിൽ രക്തസാക്ഷികളായവരുടെ പേരുകൾ രക്തസാക്ഷി നിഘണ്ടുവിൽനിന്നും നീക്കംചെയ്യുന്നതിന് ഇന്ത്യൻ ചരിത്ര കൗൺസിൽ തീരുമാനിച്ച വാർത്ത സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇതിനെതിരെ ചരിത്ര കൗൺസിലിനോ, കേന്ദ്ര സർക്കാരിനോടോ സംസ്ഥാനത്തിന്റെ വിയോജിപ്പ് ഔദ്യോഗികമായി അറിയിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ?

ഇതിലുള്ള വിയോജിപ്പ് സർക്കാർ വ്യക്തമാക്കിയിട്ടുണ്ട്.

ചങ്ങനാശ്ശേരി മണ്ഡലത്തിലെ ഇ- ഹെൽത്ത് പദ്ധതി

143 (143) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിലെ ഏതെല്ലാം ആശുപത്രികളിലാണ് ഇ-ഹെൽത്ത് പദ്ധതി നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളായ മാടപ്പള്ളി, പായിപ്പാട് എന്നിവിടങ്ങളിൽ ഇ-ഹെൽത്ത് നടപ്പിലാക്കിക്കഴിഞ്ഞു. കൂടാതെ, തൃക്കൊടിത്താനം കുടുംബാരോഗ്യ കേന്ദ്രത്തിൽ നടന്നുകൊണ്ടിരിക്കുന്ന കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് ഇ-ഹെൽത്ത് നടപ്പിലാക്കുന്നതിനുള്ള പ്രവൃത്തികൾ ആരംഭിക്കുവാൻ കഴിയും.

(ബി) ഇ-ഹെൽത്ത് പദ്ധതിയിൽ ഉൾപ്പെടുത്തി ഓരോ ആശുപത്രിക്കും എത്ര തുക അനുവദിച്ചുവെന്നും തുക അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ?

ഓരോ ആശുപത്രിയുടെയും വലുപ്പം പ്രവർത്തനസജ്ജമായ കെട്ടിടങ്ങൾ, നൽകിവരുന്ന സേവനങ്ങൾ എന്നിവയുടെ അടിസ്ഥാനത്തിൽ ഓരോ വിഭാഗത്തിലും വരുന്ന ആശുപത്രികളിലും ആവശ്യമായി വരുന്ന തുകയുടെ കാര്യത്തിൽ ഏറ്റക്കുറച്ചിലുകളുണ്ടാകാറുണ്ട്. ആയതിനാൽ പദ്ധതി നിർവ്വഹണത്തിനുള്ള

LIBRARY ARCHIVES Kerala Legislative Assembly

അനുമതി ലഭിക്കുന്നമുറയ്ക്ക് ഓരോ ആശുപത്രിക്കും പ്രത്യേകം പ്രത്യേകം എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടാണ് ഇ-ഹെൽത്ത് പ്രവർത്തനങ്ങൾക്ക് തുടക്കംകുറിക്കുന്നത്. എന്നിരുന്നാലും ഇ-ഹെൽത്ത് നടപ്പിലാക്കുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ/കുടുംബാരോഗ്യകേന്ദ്രങ്ങൾ എന്നിവയ്ക്ക് 20 ലക്ഷം രൂപയും ജനറൽ/ജില്ലാ ആശുപത്രികൾക്ക് 1.85 കോടി രൂപയും വേണ്ടി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്.

ചികിത്സാ സഹായം

144 (144) ശ്രീ. കെ. വി. സുമേഷ്: താഴെ കാണുന്ന ചോദ്യത്തിന് ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആരോഗ്യ വകുപ്പിന്റെ കീഴിൽ ചികിത്സാ സഹായം ലഭിക്കുന്നതിനുള്ള പദ്ധതികൾ ഏതെല്ലാമാണെന്നും ആയതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും ഓരോന്നിന്റെയും പരിധി എത്രയാണെന്നുമുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ആരോഗ്യ കിരണം പദ്ധതി ജനനം മുതൽ 18 വയസ്സ് വരെയുള്ള കുട്ടികൾക്ക് ജീവൻ സുരക്ഷാപ്രാധാന്യമുള്ള എല്ലാ രോഗങ്ങൾക്കും ചികിത്സാ സഹായം സർക്കാർ ആശുപത്രികൾ മുഖേന തികച്ചും സൗജന്യമായി നൽകുന്ന കേരള സർക്കാരിന്റെ പദ്ധതിയാണ് ആരോഗ്യ കിരണം. രാഷ്ട്രീയബാൽ സ്വാസ്ഥ്യ കാര്യക്രം പദ്ധതി (ആർ ബി എസ് കെ) പ്രകാരം ചികിത്സാ സഹായം ലഭിക്കുന്ന 30 രോഗങ്ങൾ ഒഴികെയുള്ള ജീവൻ രക്ഷാ പ്രാധാന്യമുള്ള രോഗങ്ങൾക്ക് ആരോഗ്യ കിരണം പദ്ധതിയിലൂടെ ചികിത്സാ സഹായം ലഭിക്കുന്നതാണ്. എ.പി.എൽ./ ബി.പി.എൽ. വ്യത്യാസമില്ലാതെ ഈ പ്രായത്തിനുള്ളിലുള്ള എല്ലാവരുംതന്നെ ആരോഗ്യ കിരണം പദ്ധതിയിൽ ഉൾപ്പെട്ടിട്ടുണ്ട്. ആദായ നികുതിദായകർക്കും സർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്കും അവരുടെ ആശ്രിതർക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നതല്ല. ആർബിഎസ്കെ.-യിൽ ഉൾപ്പെട്ട 30 അസുഖങ്ങൾക്കൊഴികെയുള്ള ചികിത്സയാണ് ആരോഗ്യ കിരണം വഴി സൗജന്യമാക്കിയിരിക്കുന്നത്. മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള എല്ലാ സർക്കാർ ആശുപത്രികളിൽനിന്നും സൗജന്യ ചികിത്സ ലഭ്യമാണ്. കൂടുതൽ ചെലവേറിയ വിദഗ്ധ ചികിത്സയ്ക്കുള്ള സഹായം ലഭ്യമാകുന്നതിന് ജില്ലാ എൻ.എച്ച്.എം. ഓഫീസിൽ അപേക്ഷ നൽകേണ്ടതാണ്. ആ അപേക്ഷയിന്മേൽ ജില്ലാതലത്തിൽ ഒരു ടെക്നിക്കൽ കമ്മിറ്റികൂടി പ്രസ്തുത ടെക്നിക്കൽ കമ്മിറ്റിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ പരിശോധിച്ചാണ് ചികിത്സാ സഹായം നൽകിവരുന്നത്. ആരോഗ്യ കിരണം പദ്ധതി പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly